LIBRARY ARCHIVES Kerala Legislative Assembly

മിലിട്ടറി ക്യാന്റീനുകളിലെ നിത്യോപയോഗ സാധനങ്ങളുടെ നികുതിയിളവ്

18 [1848] *ശ്രീ. തോമസ് പാഴികാടൻ:*
.. *കെ. നാരായണക്കുറുപ്പ്:*
.. *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിലിട്ടറി ക്യാന്റീനുകളിലൂടെ വിൽപ്പന നടത്തിവരുന്ന നിത്യോപയോഗ സാധനങ്ങൾക്ക് നൽകിയിരുന്ന നികുതിയിളവ് സർക്കാർ പൂർണ്ണമായും പിൻവലിച്ചിട്ടുണ്ടോ;

(ബി) വിമുക്ത ഭടൻമാർക്ക് ലഭിച്ചിരുന്ന ഈ ആനുകൂല്യം പുനഃസ്ഥാപിക്കുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-4-2005 മുതൽ മൂല്യവർദ്ധിത നികുതി നിയമം പ്രാബല്യത്തിൽ വന്നതു മുതൽ കേരള പൊതു വിൽപ്പന നികുതി നിയമപ്രകാരം നൽകിയിട്ടുള്ള എല്ലാ നികുതി ഒഴിവുകളും നികുതി കിഴിവുകളും നിലവിലില്ലാതായി.

(ബി) മൂല്യവർദ്ധിത നികുതി നിയമത്തിൽ ഒരു വിഭാഗത്തിനും നികുതിയിളവോ, ഒഴിവോ നൽകുവാൻ പാടുള്ളതല്ല. ഇത്തരം സൗജന്യങ്ങൾ ആവശ്യമെങ്കിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയമാണ് നൽകേണ്ടത്.

(സി) ഉണ്ട്.

(ഡി) ഉത്തരം (ബി) യുടെ വെളിച്ചത്തിൽ ബാധകമല്ല.

മരവ്യവസായത്തിന് പ്രവേശന നികുതി ഏർപ്പെടുത്തിയ നടപടി

19 [1849] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വ്യവസായത്തിനായി കൊണ്ടുവരുന്ന തടിയ്ക്ക് പ്രവേശന നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏർപ്പെടുത്തിയ നികുതിയുടെ തോത് വെളിപ്പെടുത്തുമോ;

(സി) ഈ നടപടി ആഭ്യന്തര മരവ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്പോൾ തന്നെ പ്രതിസന്ധിയിലായിരിക്കുന്ന മരവ്യവസായത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഈ പുതിയ നികുതി സർക്കാർ പിൻവലിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവേശന നികുതി നിരക്ക് 12.5 ശതമാനമാണ്.

(സി) ഇല്ല. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വ്യവസായത്തിനായി കൊണ്ടുവരുന്ന തടിയ്ക്ക് അടയ്ക്കുന്ന പ്രവേശന നികുതി വ്യാപാരി മാസംതോറും നൽകുവാനുള്ള നികുതിയിൽ സ്പെഷ്യൽ റിബേറ്റിംഗ് നടത്തുവാനും ബാക്കി സംഖ്യ അടയ്ക്കുവാനും വ്യവസ്ഥയുണ്ട്.

(ഡി) വളരെയധികം നികുതി വെട്ടിപ്പ് മരവ്യാപാര മേഖലയിൽ നടക്കുന്നതു കാരണം സർക്കാരിന് വൻതുകയുടെ രൂപയുടെ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നതിനാലാണ് തടിയ്ക്ക് പ്രവേശന നികുതി ഏർപ്പെടുത്തിയത്. ഇക്കാരണത്താൽ പ്രവേശന നികുതി പിൻവലിക്കുന്നത് പ്രായോഗികമല്ല. മാത്രമല്ല പ്രവേശന നികുതിയെ പല തടി വ്യാപാരികളും അവരുടെ സംഘടനകളും സ്വാഗതം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ വാണിജ്യ നികുതി, കാർഷിക നികുതി വകുപ്പുകളുടെ വികസന പ്രവർത്തനങ്ങൾ

20 [1850] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ വാണിജ്യ നികുതി, കാർഷിക നികുതി വകുപ്പുകളിൽ നിന്നും എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ പൂർത്തീകരിച്ചവ ഏതെല്ലാം; ഇപ്പോൾ നടക്കുന്നവ ഏതെല്ലാം; ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവ ഏതെല്ലാമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

GPM. 2/566/2012—9

LIBRARY ARCHIVES Kerala Legislative Assembly